**No.1234/PGSS/2014/TA3/CEE**

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ, തിരുവനന്തപുരം - 695 001

## പത്രക്കുറിപ്പ്

## ബിരുദാനന്തര ബിരുദ മെഡിക്കൽ/സർജിക്കൽ സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷ 2014 അഡ്മിറ്റ് കാർഡ് ലഭിക്കുന്നത് സംബന്ധിച്ച്

**2014 ജൂലൈ 19, 20 തീയതികളിൽ തിരുവനന്തപുരം** കേന്ദ്രമായി നടത്തുന്ന ബിരുദാനന്തര ബിരുദ സൂപ്പർ സ്പെഷ്യാലിറ്റി 2014 കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷയ്ക്ക് അപേക്ഷിച്ചിരുന്ന വിദ്യാർത്ഥികളുടെ അഡ്മിറ്റ് കാർഡ്, **15.07.2014 (ചൊവ്വാഴ്ച) മുതൽ** പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഔദ്യോഗിക വെബ്സൈറ്റായ www.cee.kerala.gov.in ൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്.

ഔദ്യോഗിക വെബ്സൈറ്റിലെ നിർദ്ദിഷ്ട പേജിൽ വിദ്യാർത്ഥിയുടെ **ആപ്ലിക്കേഷൻ നമ്പറും**, അപേക്ഷയിൽ നൽകിയിട്ടുള്ള **ജനന തീയതിയും** കൃത്യമായി നൽകിയതിനു ശേഷം പ്രിന്റ് ലിങ്ക് ക്ലിക്ക് ചെയ്ത് അഡ്മിറ്റ് കാർഡിന്റെ പ്രിന്റൗട്ട് എടുക്കാവുന്നതാണ്. പ്രസ്തുത അഡ്മിറ്റ് കാർഡാണ് വിദ്യാർത്ഥി പരീക്ഷാ ഹാളിൽ ഹാജരാക്കേണ്ടത്. തപാൽ വഴി അഡ്മിറ്റ് കാർഡ് വിതരണം ചെയ്യുന്നതല്ല.

അപേക്ഷയിലെ ന്യൂനതകൾ മൂലം ചില അപേക്ഷാർത്ഥികളുടെ അഡ്മിറ്റ് കാർഡുകൾ തടഞ്ഞുവയ്ക്കപ്പെട്ടിട്ടുണ്ട്. അത്തരം അപേക്ഷകർ അഡ്മിറ്റ് കാർഡ് ഡൗൺലോഡ് ചെയ്യാൻ ശ്രമിക്കുമ്പോൾ ലഭ്യമാകുന്ന മെമ്മോയിൽ കാണിച്ചിട്ടുള്ള അപേക്ഷയിലെ ന്യൂനതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കുമ്പോൾ മാത്രമേ അഡ്മിറ്റ് കാർഡ് ലഭ്യമാക്കുകയുള്ളൂ.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
15.07.2014